**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3451** **14.10.2011-ൽ മറുപടിക്ക്.**

**ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തിന് സഹായം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീമതി. ഗീതാ ഗോപി.** | | **ശ്രീ. കെ. ബി. ഗണേഷ് കുമാർ (ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)** | |
| (എ) | ഫിലിം സൊസൈറ്റികളുടെ പ്രവർത്തനത്തിന് സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | ഫിലിം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഇപ്പോൾ സർക്കാർ ചലച്ചിത്ര അക്കാദമി വഴി എഫ്.എഫ്.എസ്.ഐ. (ഫിലിം ഫെഡറേഷൻ ഓഫ് ഇൻഡ്യ)യ്ക്ക് ഒരു ലക്ഷം രൂപ നൽകി വരുന്നു. നടപ്പു വർഷത്തെ ബഡ്ജറ്റിൽ എഫ്.എഫ്. എസ്.ഐ ഇൻഡ്യ-കേരള ഘടകത്തിന് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ആദ്യഗഡുവായി 5 ലക്ഷം രൂപ 22.09.2011-ലെ സ.ഉ. (സാധാ) 468/2011/ സാം.കാ.വ. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ പഞ്ചായത്തിലും ഫിലിം സൊസൈറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഫിലിം ഫെഡറേഷൻ ഓഫ് ഇൻഡ്യയാണ് ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാനുള്ളത്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര ഫിലിം സൊസൈറ്റികൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | ഫിലിം ഫെഡറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് സംസ്ഥാനത്ത് നിലവിൽ 96 ഫിലിം സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.